## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6035 04.07.2019 -ൽ മറുപടിയ്ക്ക്**

### സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികളെ സംയോജിപ്പിച്ചു കൊണ്ട് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | എ) സർവശിക്ഷാ അഭിയാനും (എസ്.എസ്.എ.) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും (ആർ.എം.എസ്.എ.) യോജിപ്പിച്ചുകൊണ്ട് സമഗ്ര ശിക്ഷ, കേരളം എന്ന പദ്ധതി രൂപീകരിച്ചതിന്റെ ഭാഗമായി പ്രീ-പ്രൈമറി മുതൽ ഹയർ സെക്കറി വരെയുള്ള വിവിധ ഘടകങ്ങൾ ഒരു കുടക്കീഴിലാകുന്നു. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന വിദ്യാലയ മികവ് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകാൻ സമഗ്ര ശിക്ഷയുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് കഴിയും. വിവിധ വിദ്യാഭ്യാസ പരിശീലന പദ്ധതികളുടെ പ്രവർത്തനങ്ങളും അക്കാദമിക സ്ഥാപനങ്ങളും ഒരു കുടക്കീഴിലാകുന്നതോടെ മെച്ചപ്പെട്ട പദ്ധതി നിർവഹണത്തിനുള്ള അവസരമാണ് നിലവിൽ ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| ബി) ഈ പദ്ധതി നടപ്പാക്കുന്നതിനു സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം ഇവ എത്രയാണ്; നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് സർക്കാരിന് ലഭ്യമായത് വിശദമാക്കുമോ; | ബി) 1506.41 കോടി രൂപ ( ആയിരത്തി അഞ്ഞൂറ്റി ആറ് കോടി നാല്പത്തി ഒന്ന് ലക്ഷം രൂപ മാത്രം ) യുടെ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് തുക അംഗീകരിച്ചു കൊണ്ടുള്ള മിനിട്സ് ഇതുവരെ ലഭ്യമായിട്ടില്ല. അംഗീകരിക്കുന്ന പദ്ധതിയുടെ 60% തുക കേന്ദ്രസർക്കാരും 40% സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. |
| സി) നിലവിലുള്ള പൊതു വിദ്യാഭ്യാസ പദ്ധതികളിൽ എന്തൊക്കെമാറ്റങ്ങളാണ് പുതിയ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്എന്ന് വെളിപ്പെടുത്തുമോ? | സി) നിലവിലുള്ള പൊതു വിദ്യാഭ്യാസ പദ്ധതികൾക്ക് പുറമേ ഈ വർഷം കേരളത്തിലെ 100 ഗവൺമെന്റ് സ്കൂളുകളിൽ സോളാർ പദ്ധതി , ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ ഇപ്പോൾ നിലവിലുള്ള 3 ഹോസ്റ്റലിനു പുറമേ കണ്ണൂർ, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ 3 ഹോസ്റ്റലുകൾ കൂടി നടത്തുന്നതിനും , |

ടീച്ചർ എഡ്യൂക്കേഷൻ മെച്ചപ്പെടുത്തുന്നതിനും 'ഡയറ്റു' കളെ ശാക്തീകരിക്കുന്നതിനും കണ്ണൂരിൽ ഡയറ്റിന് പ്രത്യേകം കെട്ടിടം പണിയുന്നതിനും , ഭിന്നശേഷി സൗഹൃദവിദ്യാലയ അന്തരീക്ഷം കാര്യക്ഷമമാക്കുന്നതിനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് തനതായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ടി പദ്ധതികളുടെ അംഗീകാരത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ